**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1800** **19-01-2021 - ൽ മറുപടിയ്ക്ക്**

**ഇ-വെഹിക്കിൾ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ. സി . ജോസഫ് ,<br>ശ്രീ . വി .എസ്. ശിവകുമാർ,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാരിന്റെ 2013 ലെ ഇ-മൊബിലിറ്റി നയത്തിനനുസൃതമായി സംസ്ഥാനം ഇ-വെഹിക്കിൾ നയം രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ പഠനം നടത്താൻ സർക്കാർ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിരുന്നോ; | (ബി) | സംസ്ഥാനത്ത് ഇ-മൊബിലിറ്റിയുമായി ബന്ധപ്പെട്ട് 10/10/2017 ലെ G.O(Rt)No.242/2017/E&ITD പ്രകാരം വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഹൈലെവൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിരുന്നു. കൂടാതെ 12/06/2018 ലെ G.O(Rt)No.265/2018/Trans പ്രകാരം ഒരു സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കമ്മിറ്റി ഡ്രാഫ്റ്റ് EV പോളിസി സമർപ്പിക്കുകയും വിശദമായി പരിശോധിച്ചതിനുശേഷമാണ് അന്തിമ EV Policy പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | സംസ്ഥാനത്ത് ഇ-ബസുകൾ ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കും എന്ന് ഏതെങ്കിലും കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് നല്കിയിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | സംസ്ഥാനത്ത് ഇ-മൊബിലിറ്റിയുമായി ബന്ധപ്പെട്ട് 10/10/2017 ലെ G.O(Rt)No.242/2017/E&ITD പ്രകാരം വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഹൈലെവൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിരുന്നു. കൂടാതെ 12/06/2018 ലെ G.O(Rt)No.265/2018/Trans പ്രകാരം ഒരു സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കമ്മിറ്റി ഡ്രാഫ്റ്റ് EV പോളിസി സമർപ്പിക്കുകയും വിശദമായി പരിശോധിച്ചതിനുശേഷമാണ് അന്തിമ EV Policy പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ഡി) | സംസ്ഥാനത്ത് ഇ-ബസ് നിർമ്മിക്കാനായി ഏതെങ്കിലും കമ്പനിയുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഒപ്പിടാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഇല്ല. ഇലക്ട്രിക്ക് ബസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വിറ്റ്സർലന്റിലെ ഹെസ് എന്ന കമ്പനിയുടെ പ്രതിനിധികൾ 17/02/2020 ന് ചീഫ് സെക്രട്ടറിയുമായി ചർച്ച നടത്തുകയും 2020 മാർച്ച് അവസാനത്തോടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ പി.ഡബ്ല്യൂസി-യോട് |

| | | | |
|---|---|---|---|
| | | | നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതേ സമയം കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് ഒരു ചേസിസ് ഇറക്കുമതി ചെയ്ത് ഹോമോലോഗേഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും കാലതാമസം ഒഴിവാക്കി ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ അംഗീകാരം നേടാമെന്നും യോഗം വിലയിരുത്തിയിരുന്നു. തുടർന്ന് 2020 ഏപ്രിൽ അവസാനത്തോടെ ധാരണാപത്രം ഒപ്പുവെക്കുവാനും യോഗം തീരുമാനിച്ചിരുന്നു. എന്നാൽ പി.ഡബ്ല്യൂസി കരാർ ഒപ്പിടാത്തതിനാൽ DPR തയ്യാറാക്കുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ